(സി) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലയളവിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ മുഖാന്തിരം എത്ര കോടി രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളേയും നഗരസഭകളേയും സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.† ജില്ലാപഞ്ചായത്തുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ മൂന്നു വാർഷിക പദ്ധതികളിൽ (1997-2000) സംസ്ഥാനത്തൊട്ടാകെ 3,06,288 വീടുകളും, 1725 പാലങ്ങളും, 17188 കിലോമീറ്റർ റോഡുകളും, 87591 കിണറുകളും 413174 കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് 32503 ടാപ്പുകളും സ്ഥാപിച്ചു. ആട് ഉൾപ്പെടെ വിതരണം ചെയ്ത വളർത്തുമൃഗങ്ങളുടെ എണ്ണം 274572 ആണ്. 1867517 കോഴികളേയും വിതരണം ചെയ്തു.

(സി) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും നിലവിൽ വന്നത് 1995 ഒക്ടോബർ 2-ാം തീയതിയാണ്. 1996-97 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്ക് വകയിരുത്തിയിരുന്ന ഉപാധിരഹിത ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	100 കോടി രൂപ
ബ്ലോക്ക് പഞ്ചായത്ത്	15 കോടി രൂപ
ജില്ലാപഞ്ചായത്ത്	28 കോടി രൂപ

മേൽ സൂചിപ്പിച്ച തുക ഓരോ തലത്തിലുമുള്ള പഞ്ചായത്തുകളുടെ ചെലവായി കണക്കാക്കാവുന്നതാണ്.

ജനകീയാസൂത്രണ പദ്ധതി

106 (504) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന റാന്നി-അങ്ങാടി-പഴവങ്ങാടി, റാന്നി-പെരിനാട്, വെച്ചൂച്ചിറ-നാറാണംമൂഴി, വടശ്ശേരിക്കര-ചിറ്റാർ, സീതത്തോട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ജനകീയാസൂത്രണ പദ്ധതികൾ 1996-97 സാമ്പത്തിക വർഷം മുതൽ 2000-2001 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും ഓരോ ഗ്രാമ പഞ്ചായത്തിനും പദ്ധതിയിനത്തിൽ നൽകിയ തുക എത്ര വീതമാണെന്ന് വിശദീകരിക്കുമോ ;

(ബി) ഓരോ പഞ്ചായത്തിനും ഗ്രാന്റുകളടക്കം മറ്റെല്ലാവകയിലുംകൂടി ഇക്കാലയളവിൽ എത്ര രൂപ വീതമാണ് ഓരോ വർഷവും നൽകിയത് ;

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പണം ഉപയോഗിച്ച് ഓരോ ഗ്രാമപഞ്ചായത്തിനും ഓരോ വർഷവും നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ഓരോ പദ്ധതിക്കും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ലോക്കൽ ബോഡികളുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യാൻ നടപടി

107 (505) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം ആരംഭിച്ച 1997-98 വർഷം മുതലുള്ള ലോക്കൽ ബോഡികളുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യാൻ തുടങ്ങിയിട്ടുണ്ടോ ;

(ബി) എങ്കിൽ 1997-98-ലെ എത്ര ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, ടൗൺ പഞ്ചായത്തുകൾ എന്നിവയുടെ ആഡിറ്റ് പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(സി) പൂർത്തിയാക്കിയ ആഡിറ്റനുസരിച്ച് ആകെ എത്ര കോടി രൂപയുടെ ചെലവ് ആഡിറ്റ് അംഗീകരിക്കാതെയുണ്ട് ;

(ഡി) പ്രസ്തുത ആഡിറ്റ് പ്രകാരം ആകെ എത്ര കോടി രൂപയുടെ ചെലവുകൾക്ക് വ്യക്തമായ രേഖ കിട്ടാതെയുണ്ട് ;

(ഇ) ഇതനുസരിച്ച് ആകെ എത്ര കോടി രൂപയുടെ ചെലവുകൾക്ക് വ്യക്തമായ പദ്ധതികളില്ലാതെ നടത്തി ;

(എഫ്) ആകെ എത്ര കോടി രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽ നിന്നും ഈടാക്കണമെന്ന് ആഡിറ്റ് നിർദ്ദേശിച്ചു ;

(ജി) 1997-98 ലെ ആഡിറ്റ് സംബന്ധിച്ച് സമാഹൃത റിപ്പോർട്ട് എന്നത്തേയ്ക്ക് തയ്യാറാകും ?

ഉത്തരം

(എ) 1997-98 വർഷം മുതലുള്ള ലോക്കൽ ബോഡികളുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്.

(ബി) 1997-98 വർഷത്തിൽ 509 ഗ്രാമപഞ്ചായത്തുകളുടെയും 121 ബ്ലോക്ക് പഞ്ചായത്തുകളുടെയും 7 ജില്ലാ പഞ്ചായത്തുകളുടെയും 17 മുനിസിപ്പാലിറ്റികളുടെയും 3 മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly